LIBRARY ARCHIVES Kerala Legislative Assembly

നീർത്തട വികസന പദ്ധതികൾ

192 [1772] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും മജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97 മുതൽ 2003-2004 വരെയുള്ള ഓരോ വർഷവും 'കപാർട്ട്' എത്ര നീർത്തട വികസന പദ്ധതികൾ സംസ്ഥാനത്തിന് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 'കപാർട്ട്' അനുവദിച്ച ഓരോ പദ്ധതിയുടെയും ആകെ അടങ്കൽ തുക നടപ്പിലാക്കേണ്ട കാലാവധി, പദ്ധതി ഏറ്റെടുത്ത സ്ഥാപനം/സംഘടന, നീർത്തടത്തിന്റെ പേര്, നീർത്തടം സ്ഥിതി ചെയ്യുന്ന ജില്ല, ബ്ലോക്ക്, പഞ്ചായത്ത്, നീർത്തടത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ, ചെലവഴിച്ച തുക, പ്രവർത്തന പുരോഗതി എന്നീ വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(സി) കപാർട്ടിലൂടെ നടപ്പിലാക്കിയ നീർത്തട പദ്ധതികളെ സംബന്ധിച്ച് ഗ്രാമ വികസന വകുപ്പ് നേരിട്ടോ മറ്റ് ഏജൻസികൾ മുഖാന്തിരമോ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) നീർത്തട വികസനത്തിനായുള്ള പ്രോജക്ടുകളൊന്നും 'കപാർട്ട്' ഗ്രാമ വികസന വകുപ്പു മുഖേന അനുവദിച്ചില്ല.

(സി) പഠനം നടത്തിയിട്ടില്ല.

റൂറൽ ഹൗസിംഗ് പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിന് ഫണ്ട്

193 [1773] രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും മജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഹൗസിംഗ് പദ്ധതി പ്രകാരം ലക്ഷംവീട് കോളനികളിലെ താമസക്കാർക്ക് വീടുകൾ നിർമ്മിക്കുന്നതിന് എന്നാണ് ഫണ്ട് നൽകിയത്;

(ബി) നൽകിയ പണം തിരിച്ചടയ്ക്കാൻ ഇപ്പോൾ നോട്ടീസ് നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര ആൾക്കാർക്കാണ് നോട്ടീസ് നൽകിയിട്ടുള്ളത്;

(ഡി) നോട്ടീസ് പ്രകാരം പണം അടയ്ക്കണമെങ്കിൽ വീടും ഭൂമിയും ഇവർക്ക് വിൽക്കേണ്ടിവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ ഇവർക്ക് നൽകിയ നോട്ടീസ് പിൻവലിക്കുന്നതിന് നിർദ്ദേശം നൽകുമോ?